## ഇഷ്യൻസ്

- ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ ഉപഭോക്താവിന് ഒരു ഡെബിറ്റ് കാർഡ് ('കാർഡ്') നൽകാം, അത് ഇന്ത്യയിലും വിദേശത്തും ഉപയോഗിക്കുന്നതിന് സാധുതയുള്ളതായിരിക്കും. എന്നിരുന്നാലും, ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിലെ വിദേശ വിനിമയ പേയ്മെന്റുകൾക്ക് കാർഡ് സ്വീകരിക്കുന്നതായിരിക്കില്ല. കാർഡിനൊപ്പം ഉപഭോക്താവിന് ഒരു എടിഎം പിൻ അനുവദിച്ചിട്ടുണ്ട്. ബാങ്കിന്റെ എടിഎമ്മുകൾ, എൻഎഫ്എസ്, ഇന്ത്യയിലെ ക്യാഷ്നെറ്റ് നെറ്റ്വർക്ക് എടിഎമ്മുകൾ, ആഗോളതലത്തിലുള്ള വിസ നെറ്റ്വർക്ക് എടിഎമ്മുകൾ എന്നിവയിൽ ഉപഭോക്താക്കൾക്ക് അവരുടെ അക്കൗണ്ട്/കൾ ആക്സസ് ചെയ്യാൻ കഴിയും. വ്യാപാര സ്ഥാപനങ്ങളിൽ പർച്ചേസ് നടത്താൻ കാർഡ് ഉപയോഗിക്കാം. കൂടാതെ തിരഞ്ഞെടുത്ത വ്യാപാര സ്ഥാപനങ്ങളിൽ ക്യാഷ് @ പിഒഎസിനായും കാർഡ് ഉപയോഗിക്കാം. കാർഡ് ദുരുപയോഗം ചെയ്യുന്നത് തടയാൻ ആവശ്യമായ എല്ലാ നടപടികളും കാർഡ് ഉടമ കൈക്കൊള്ളേണ്ടതാണ്. ഒരു കാരണവശാലും കാർഡ് കൈമാറ്റം ചെയ്യപ്പെടാൻ പാടില്ലാത്തതാണ്, കൂടാതെ ആരുടെ പേരിലാണോ കാർഡ് നൽകിയിട്ടുള്ളത് നൽകിയിട്ടുള്ളത് അവർ മാത്രമേ കാർഡ് ഉപയോഗിക്കാൻ പാടുള്ളൂ. കാർഡിന്റെ ഏത് ഉപയോഗത്തിനും ദുരുപയോഗത്തിനും കാർഡ് ഉടമ മാത്രമായിരിക്കും ഉത്തരവാദി.

## സാധുത

- കാർഡിന്റെ മുൻവശത്ത് വ്യക്തമാക്കിയ തീയതി വരെ മാത്രമേ കാർഡിന് സാധുതയുണ്ടായിരിക്കുകയുള്ളൂ. സാധുത കാലയളവ് അവസാനിക്കുമ്പോൾ, അക്കൗണ്ട് സജീവമാണെങ്കിലും നെഗറ്റീവ് ബാലൻസ് ഇല്ലെങ്കിലും, പുതിയ സാധുത കാലയളവുള്ള കാർഡ് ബാങ്ക് മാറ്റിനൽകാവുന്നതാണ്. കാർഡ് കാലഹരണപ്പെട്ടതിന് ശേഷം, കാർഡ് ഉടമ ഒരു എടിഎമ്മിലും ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ മുറിച്ചോ പൊട്ടിച്ചോ കാർഡ് നശിപ്പിക്കണം.

## കാർഡ് നഷ്ടപ്പെടൽ

- കാർഡ് നഷ്ടപ്പെട്ടാൽ /മോഷ്ടിക്കപ്പെട്ടാൽ, കാർഡ് ഉടമ ഉടൻ തന്നെ ഫോൺ ബാങ്കിംഗ് നമ്പറിൽ വിളിച്ച് ബാങ്കിനെ അറിയിക്കുകയും കാർഡ് നഷ്ടമോ മോഷണമോ റിപ്പോർട്ട് ചെയ്യുകയും വേണം. ബാങ്കിൽ റിപ്പോർട്ട് ചെയ്തതിന് ശേഷം കാർഡ് ഉപയോഗിക്കാനോ ദുരുപയോഗം ചെയ്യാനോ കഴിയാത്തവിധം ബ്ലോക്ക് ചെയ്യാൻ ഉപഭോക്താവിന് ബാങ്ക് അധികൃതരോട് അഭ്യർത്ഥിക്കാവുന്നതാണ്.

This is a Confidential document.

- വിദേശത്ത് കാർഡ് നഷ്ടപ്പെട്ടാൽ, കാർഡ് ഉടമ ബാങ്കിന്റെ ഫോൺ ബാങ്കിംഗ് നമ്പറിലേക്കോ വിസ ഗ്ലോബൽ കസ്റ്റമർ അസിസ്റ്റൻസ് സർവീസ് (ജിസിഎഎസ്) നമ്പറിലേക്കോ വിളിച്ച് കാർഡ് നഷ്ടപ്പെട്ടതിനെക്കുറിച്ചോ മോഷണത്തെക്കുറിച്ചോ അറിയിക്കുകയും വിസ ഉദ്യോഗസ്ഥരോട് കാർഡ് ബ്ലോക്ക് ചെയ്യാൻ അഭ്യർത്ഥിക്കുകയും ചെയ്യണം, അതു വഴി അത്തരം റിപ്പോർട്ടിംഗിന് ശേഷം കാർഡ് ഉപയോഗിക്കാൻ / ദുരുപയോഗം ചെയ്യാൻ കഴിയില്ല. വിസ ജിസിഎഎസ് കോൾ നമ്പറുകൾ www.visa.com ൽ ലഭ്യമാണ്. അറിയിപ്പ് ലഭിച്ചതിന് ശേഷം ബാങ്ക് അല്ലെങ്കിൽ വിസ ജിസിഎഎസ് കാർഡ് ഉടമയുടെ ഐഡന്റിറ്റി മതിയായ രീതിയിൽ പരിശോധിച്ച് ഉറപ്പിച്ചതിനു ശേഷം കാർഡ് ഹോട്ട് ലിസ്റ്റ് ചെയ്യും
- കൂടാതെ, കാർഡ് ഉടമ ലോക്കൽ പോലീസിൽ ഒരു റിപ്പോർട്ട് ഫയൽ ചെയ്യുകയും അതിന്റെ അസൽ പകർപ്പ് ബാങ്കിന് നൽകുകയും വേണം.
- മുകളിൽ പറഞ്ഞിരിക്കുന്ന മാർഗങ്ങളിലൂടെ നഷ്ടം അറിയിക്കുന്നത് വരെ കാർഡിൽ ഉണ്ടാകുന്ന എല്ലാ നിരക്കുകൾക്കും ഉപഭോക്താവ് ബാധ്യസ്ഥനായിരിക്കും. കൂടാതെ, നിശ്ചിത മാർഗങ്ങളിലൂടെയല്ലാതെ മറ്റേതെങ്കിലും രീതിയിൽ ബാങ്കിന് അറിയിപ്പ് അയയ്ക്കുകയാണെങ്കിൽ, അത് ബാങ്കിലെത്തുകയും കാർഡ് ബാങ്ക് ഹോട്ട്-ലിസ്റ്റ് ചെയ്യുന്നതു വരെയും കാർഡിന്റെ ഉപയോഗമോ ദുരുപയോഗമോ മൂലം ഉണ്ടാകുന്ന ചിലവുകൾക്ക് ഉപഭോക്താവ് തുടർന്നും ബാധ്യസ്ഥനായിരിക്കുമെന്ന് ഉപഭോക്താവ് മനസ്സിലാക്കേണ്ടതാണ്.
- ഒരു കാർഡിന്റെ ഹോട്ട് ലിസ്റ്റിംഗിനായി ബാങ്കിന് ലഭിക്കുന്ന ഏത് നിർദ്ദേശവും റദ്ദാക്കാൻ കഴിയില്ല, കാർഡ് നഷ്ടപ്പെട്ടതായി ചെയ്ത റിപ്പോർട്ട് മാറ്റിയാലും
- ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാനുള്ള അധികാരം: ബാങ്കിന്റെ രേഖകളും ചാർജുകളും അനുസരിച്ച് കാർഡ് ഉപയോഗിച്ചുള്ള പിൻവലിക്കലുകൾ, ട്രാൻസ്ഫറുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും പണമിടപാട് എന്നിവയുടെ തുക തന്റെ അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യാൻ ഉപഭോക്താവ് ബാങ്കിനെ അധികാരപ്പെടുത്തുന്നു, നൽകിയ സേവനങ്ങൾക്കായി കാലാകാലങ്ങളിൽ നിരക്ക് ഈടാക്കും. അത്തരം എല്ലാ ഇടപാടുകളും അനുബന്ധ നിരക്കുകളും അക്കൗണ്ടിലെ എല്ലാ ഉപഭോക്താക്കൾക്കും ബാധകമായിരിക്കും. വ്യക്തിഗത-ഇതര അക്കൗണ്ടുകളുടെ കാര്യത്തിൽ, അത്തരം ഒരു വ്യക്തിഗത-ഇതര ഉപഭോക്താവ് യഥാവിധി അംഗീകാരം നൽകിയിട്ടുള്ള ഉപയോക്താവ് കാർഡ് ഉപയോഗിക്കുന്നത് ഉപഭോക്താവിന്റെ ഉത്തരവാദിത്തലായിരിക്കും, കൂടാതെ കാർഡ് ഉടമയുടെ കാർഡ് ഉപയോഗം / ദുരുപയോഗം മൂലം ഉപഭോക്താവിന് ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനും ചെലവിനും ബാങ്ക് ബാധ്യസ്ഥനായിരിക്കില്ല.
- സപ്ലിമെന്ററി കാർഡുകൾ: ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം, ബാങ്ക് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ ഒരേ ഉപഭോക്താവിന് ഒന്നിൽ കൂടുതൽ കാർഡുകൾ നൽകാം. അത്തരം എല്ലാ സപ്ലിമെന്ററി കാർഡും ഉപഭോക്താവിന്റെ അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കും. ഒരു

This is a Confidential document.

അക്കൗണ്ടുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള എല്ലാ കാർഡുകളിലെയും എല്ലാ ഇടപാടുകൾക്കും ഉപഭോക്താവ് പൂർണ്ണമായും ബാധ്യസ്ഥനായിരിക്കും, കൂടാതെ ഏതെങ്കിലും കാർഡുകളിലെ ഇടപാട് താൻ അധികാരപ്പെടുത്തിയിട്ടില്ലെന്ന് അവകാശപ്പെടാൻ അവർക്ക് അർഹതയുണ്ടായിരിക്കില്ല. സപ്ലിമെന്ററി കാർഡുകൾ നൽകുന്നതിന് അധിക ഫീസ് ഡെബിറ്റ് ചെയ്യാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

- ആഡ് ഓൺ കാർഡുകൾ: ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം, ബാങ്ക് അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ ആഡ് ഓൺ കാർഡ് നൽകാം. ആഡ് ഓൺ കാർഡ് ഉടമയ്ക്ക് എല്ലാ സൗകര്യങ്ങളും (ബാങ്ക് നിശ്ചയിച്ചിട്ടുള്ള നിശ്ചിത പരിധിക്കനുസൃതമായി ഉപഭോക്താവ് നിശ്ചയിച്ചിട്ടുള്ള നിർദ്ദിഷ്ട പരിധികൾ  വരെ) പ്രയോജനപ്പെടുത്താം. ആഡ്-ഓൺ കാർഡിന് ബാധകമായതോ അല്ലെങ്കിൽ ആഡ്-ഓൺ കാർഡ് കാരണമുണ്ടാകുന്നതോ ആയ എല്ലാ ചാർജുകളും, ആഡ് ഓൺ കാർഡ് ഉപയോഗിച്ചോ ആഡ് ഓൺ കാർഡ് ഉടമ മുഖേനയോ നടത്തുന്ന എല്ലാ ഇടപാകൾക്കും ഈടാക്കുന്ന ചാർജുകൾക്കും ഉപഭോക്താവ് ആയിരിക്കും പൂർണ്ണ ഉത്തരവാദി.

ഇമേജ് ഡെബിറ്റ് കാർഡുകളുടെ വിതരണം

- കൊട്ടക് മഹീന്ദ്ര ബാങ്ക് അപേക്ഷ അംഗീകരിച്ച് 10 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അപേക്ഷയിൽ കാർഡ് ഉടമ വ്യക്തമാക്കിയിട്ടുള്ള ആശയവിനിമയ വിലാസത്തിലേക്ക് ഇമേജ് ഡെബിറ്റ് കാർഡ് അയയ്ക്കും. ബാങ്ക്, അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ, അപേക്ഷ സ്വീകരിക്കാനോ കാർഡ് ഉടമയ്ക്ക് കാർഡ് നൽകാനോ വിസമ്മതിച്ചേക്കാം.
- ഇമേജ് ഡെബിറ്റ് കാർഡിലെ ചിത്രം, വെബ്സൈറ്റിൽ ഒരു അപേക്ഷ നൽകി അഭ്യർത്ഥിച്ചു കൊണ്ട് കാർഡ് ഉടമയ്ക്ക് മാറ്റാവുന്നതാണ്.
- ഇമേജ് ഡെബിറ്റ് കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ, പകരം ഒരു കാർഡിനുള്ള അഭ്യർത്ഥന നടത്തുകയും ചെയ്താൽ, കൊട്ടക് മഹീന്ദ്ര ബാങ്ക് നൽകുന്ന പുതിയ കാർഡിൽ നിലവിൽ കാർഡ് ഉടമയുടെ പക്കലുള്ള ഡെബിറ്റ് കാർഡിലെ ചിത്രത്തിന്റെ അതേ ചിത്രം തന്നെയാണോ വേണ്ടതെന്നോ, അതോ ഒരു ഇമേജ് ഇല്ലാത്ത ഒരു സാധാരണ ഡെബിറ്റ് കാർഡ് ഇഷ്യൂ ചെയ്യാനാണ് കാർഡ് ഉടമ അഭ്യർത്ഥിക്കുന്നതെന്നോ കാർഡ് ഉടമ വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ കാർഡ് ഉടമ കൊട്ടക് മഹീന്ദ്ര ബാങ്കിന് നൽകുന്നില്ലെങ്കിൽ, കാർഡ് ഉടമയ്ക്ക് മുമ്പത്തെ കാർഡിന്റെ അതേ ചിത്രമുള്ള ഒരു കാർഡ് ലഭിക്കും.
- ഇമേജ് ഡെബിറ്റ് കാർഡിന്റെ കാലാവധി കഴിയുമ്പോൾ, ഒരു ചിത്രവുമില്ലാതെ ഒരു പുതിയ സ്റ്റാൻഡേർഡ് ഡെബിറ്റ് കാർഡ് കാർഡ് ഉടമയ്ക്ക് നൽകും. കാർഡ് ഉടമ ഒരു ഇമേജ് ഡെബിറ്റ് കാർഡ് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ, അദ്ദേഹത്തിന് /അവർക്ക് കൊട്ടക് മഹീന്ദ്ര ബാങ്ക് വെബ്സൈറ്റിൽ ഒരു പുതിയ കാർഡിന് അപേക്ഷിക്കാം.

ഉടമസ്ഥാവകാശം

This is a Confidential document.

- കാർഡ് എപ്പോഴും ബാങ്കിന്റെ സ്വത്തായി നിലനിൽക്കും, ഇതുമായി ബന്ധപ്പെട്ട് ബാങ്ക് ആവശ്യപ്പെടുമ്പോഴോ അല്ലെങ്കിൽ അക്കൗണ്ട് ക്ലോസ് ചെയ്യുമ്പോഴോ, കാർഡ് ഉടമ ഉടൻ തന്നെ അത് ബാങ്കിലേക്ക് തിരികെ നൽകണം. കാർഡ് ദുരുപയോഗം ചെയ്യുന്ന സാഹചര്യത്തിൽ, കാർഡ് ഉടമയ്ക്ക് ഒരു അറിയിപ്പും കൂടാതെ തന്നെ കാർഡ് പിടിച്ചെടുക്കാനോ / കൈവശപ്പെടുത്താനോ / ഹോട്ട്ലിസ്റ്റ് ചെയ്യാനോ / നിർജ്ജീവമാക്കാനോ അല്ലെങ്കിൽ കാർഡുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ പിൻവലിക്കാനോ ഉള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.
- ഒരു പുതിയ ഡെബിറ്റ് കാർഡിലേക്ക് അപ്ഗ്രേഡ് ചെയ്യുമ്പോൾ, നിലവിലുള്ള ഡെബിറ്റ് കാർഡ് സജീവമായി തുടരും.
- ഡെബിറ്റ് കാർഡിനും ലിങ്ക് ചെയ്ത ഇൻഷുറൻസ് ക്ലെയിമുകൾക്കുമുള്ള ഡിഫോൾട്ട് നോമിനിയായി അക്കൗണ്ട് നോമിനി പരിഗണിക്കപ്പെടും.

അക്കൗണ്ടുകളുടെ ലിങ്കിംഗ്

- ഉപഭോക്താവിന്റെ, നിലവിലുള്ളതോ ഭാവിയിൽ തുറക്കുന്നതോ ആയ എല്ലാ അക്കൗണ്ടുകളും, ഓപ്പറേറ്റിംഗ് മാൻഡേറ്റ് അനുസരിച്ച് യോഗ്യമാണെങ്കിൽ, ഉപഭോക്താവ് മറ്റു തരത്തിൽ പ്രത്യേകം നിർദ്ദേശം നൽകുന്നില്ലെങ്കിൽ, സ്വാഭാവികമായി കാർഡുമായി ലിങ്ക് ചെയ്യപ്പെടും. ഉപഭോക്താവ് തന്റെ കാർഡുമായി ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ലിങ്ക് ചെയ്തിട്ടുണ്ടെങ്കിൽ, ഡെബിറ്റ് കാർഡുമായി ലിങ്ക് ചെയ്യപ്പെടുന്ന പ്രാഥമിക അക്കൗണ്ട്, കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ ആരംഭിച്ച യോഗ്യതയുള്ള അക്കൗണ്ടോ അല്ലെങ്കിൽ ബാങ്കിന്റെവിപുലീകരണ പോളിസി അനുസരിച്ച് സിആർഎന്നിലേക്ക് ലിങ്ക് ചെയ്തിട്ടുള്ള ഏറ്റവും പഴയ യോഗ്യമായ അക്കൗണ്ടോ ആയിരിക്കും. കൂടാതെ മൊബൈൽ ബാങ്കിംഗ്/നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് ഉപഭോക്താവിന് തന്റെ ഡെബിറ്റ് കാർഡുമായി ലിങ്ക് ചെയ്യേണ്ട പ്രാഥമിക അക്കൗണ്ട് തിരഞ്ഞെടുക്കാനും സജ്ജമാക്കാനും കഴിയും. ബാങ്ക് നിർദ്ദേശിക്കുന്ന രീതിയിൽ ബാങ്കിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉപഭോക്താവിന് മറ്റേതെങ്കിലും അക്കൗണ്ട് തന്റെ പ്രാഥമിക അക്കൗണ്ടായി നിശ്ചയിക്കാം. ഉപഭോക്താവിന് ബാങ്കിന്റെ ഏത് എടിഎമ്മിൽ നിന്നും എല്ലാ അക്കൗണ്ടുകളും ആക്സസ് ചെയ്യാൻ കഴിയും, എന്നാൽ, മറ്റ് ബാങ്കിന്റെ എടിഎം/പിഒഎസ് നെറ്റ്വർക്കിൽ പ്രാഥമിക അക്കൗണ്ട് മാത്രമേ ആക്സസ് ചെയ്യാൻ കഴിയൂ.

എടിഎം/പിഓഎസ് നെറ്റ്വർക്ക്

- മറ്റ് ബാങ്കുകളുടെ ഉടമസ്ഥതയിലുള്ള ഏത് വിസ പ്ലസ് / ക്യാഷ്നെറ്റ് / എൻഎഫ്എസ് എടിഎം നെറ്റ്വർക്കിലും വിദേശത്തുള്ള എല്ലാ വിസ സ്വീകരിക്കുന്ന എടിഎമ്മുകളിലും കാർഡ് സ്വീകാര്യമാണ്. എന്നിരുന്നാലും ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ എന്നിവിടങ്ങളിലെ വിദേശനാണ്യ പണമിടപാടുകൾക്ക് കാർഡ് സാധുതയുള്ളതല്ല. ബാങ്ക്, അതിന്റെ വിവേചനാധികാരത്തിൽ, കാർഡ് ഉടമയുടെ സൗകര്യത്തിനും

This is a Confidential document.

ഉപയോഗത്തിനുമായി, പങ്കിട്ട നെറ്റ്‌വർക്കുകൾ വഴി എടിഎമ്മുകൾ, പിഓഎസ്, കൂടാതെ / അല്ലെങ്കിൽ മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാം. ഇത്തരം സൗകര്യങ്ങൾക്ക് ബാങ്ക് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന തരത്തിൽ പ്രത്യേകം ചാർജ് ഈടാക്കും. അത്തരം എടിഎമ്മുകളിൽ വാഗ്ദാനം ചെയ്യുന്ന ഇടപാടുകൾ ബാങ്കിന്റെ സ്വന്തം നെറ്റ്‌വർക്കിൽ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കാം. മറ്റ് നെറ്റ്‌വർക്കുകളുടെ എടിഎമ്മുകളിൽ നൽകുന്ന ഏറ്റവും കുറഞ്ഞ ഇടപാട് മാത്രമേ ബാങ്ക് പിന്തുണയ്ക്കൂ. കാർഡ് ഉടമയെ അറിയിക്കാതെ ഇടപാട് പരിധി മാറ്റാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

- ഏതെങ്കിലും വിസ/പ്ലസ് / ക്യാഷ്‌നെറ്റ് / എൻഎഫ്എസ് എടിഎം നെറ്റ്‌വർക്ക് സ്ഥാപനവുമായി ബന്ധപ്പെട്ട് കാർഡ് ഉടമയ്ക്ക് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ, കാർഡ് ഉടമ ഈ സ്ഥാപനവുമായി വിഷയം പരിഹരിക്കണം, അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുന്നത് ബാങ്കിനോടുള്ള ബാധ്യതകളിൽ നിന്ന് അവരെ ഒഴിവാക്കില്ല. എന്നിരുന്നാലും കാർഡ് ഉടമ ഈ പരാതി ഉടൻ ബാങ്കിനെ അറിയിക്കണം.
- കൊട്ടക്-ഇതര എടിഎം ഉപയോഗിക്കുന്ന സാഹചര്യത്തിൽ, നടത്തപ്പെടുന്ന ഇടപാടുകൾ കൊട്ടക്-ഇതര എടിഎമ്മിന്റെ ഉടമയായ ബാങ്കിന്റെ (ഇനിമുതൽ "അക്വയറിംഗ് ബാങ്ക്" എന്ന് പരാമർശിക്കപ്പെടും) ഉത്തരവാദിത്തമായിരിക്കും. എന്നിരുന്നാലും, കൊട്ടക്-ഇതര എടിഎമ്മിൽ ഷോർട്ട് ക്യാഷ് വരുന്ന സാഹചര്യത്തിൽ, ബാങ്കിന്റെ വിവേചനാധികാരത്തിൽ കാർഡ് ഉടമയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് നൽകാം. അക്വയറിംഗ് ബാങ്ക് അത്തരത്തിലുള്ള ഏതെങ്കിലും ഷോർട്ട് / അധിക പണം വിതരണം ചെയ്യുന്നതിൽ തർക്കമുണ്ടായാൽ, തർക്കത്തിലുള്ള തുക ബാങ്ക് കാർഡ് ഉടമകളുടെ അക്കൗണ്ടിൽ നിന്ന് കിഴിക്കും. കാർഡ് ഉടമയുടെ അക്കൗണ്ടിൽ അത്തരം കിഴിക്കലിന് മതിയായ ഫണ്ട് ഇല്ലെങ്കിൽ, ബാങ്ക് അവരെ ബന്ധപ്പെടുന്ന തീയതി മുതൽ രണ്ട് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അത്തരം കുറവ് തുക അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കാൻ കാർഡ് ഉടമ ബാധ്യസ്ഥനാണ്.

**കാർഡ്  മാനിക്കൽ**

- സാങ്കേതിക തകരാറുകൾ / ഫോഴ്സ് മജ്യൂർ അല്ലെങ്കിൽ അത്തരം സംഭവങ്ങളിൽ നിന്ന് നേരിട്ടുള്ളതോ പരോക്ഷമായതോ ആയ അനന്തരഫലം മൂലം കാർഡ് ആവശ്യമുള്ള രീതിയിൽ  ബഹുമാനിക്കപ്പെടാതിരിക്കുന്നത് കാരണം ഉണ്ടാകുന്ന നഷ്ടം അല്ലെങ്കിൽ കേടുപാടുകൾക്ക്, ഒരു സാഹചര്യത്തിലും കാർഡ് ഉടമയ്ക്കോ ഏതെങ്കിലും മൂന്നാം കക്ഷിക്കോ ബാങ്ക് ബാധ്യസ്ഥനായിരിക്കില്ല. ഇടപാട് നടത്താതിരിക്കുന്നതിനോ അല്ലെങ്കിൽ തെറ്റായ നിർവ്വഹണത്തിനോ ഉള്ള ബാങ്കിന്റെ ഉത്തരവാദിത്തം, ഇന്ത്യൻ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രധാന തുകയും പലിശ നഷ്ടവും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ഇന്ത്യയ്ക്ക് പുറത്തുള്ള കാർഡിന്റെ ഉപയോഗം**

This is a Confidential document.

- ഇന്ത്യ ഒഴികെയുള്ള അധികാരപരിധിയിൽ കാർഡിന്റെ ഉപയോഗം, ഗവൺമെന്റ്ഓഫ് ഇന്ത്യയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും (ആർബിഐ) കാലാകാലങ്ങളിൽ രൂപപ്പെടുത്തിയ ബാധകമായ നിയന്ത്രണങ്ങൾക്ക് വിധേയമാണ്, ആർബിഐ കാലാകാലങ്ങളിൽ വ്യക്തമാക്കിയതും നിർദ്ദേശിച്ചിരിക്കുന്നതുമായ  രീതികളിലും പരിധികളിലുമല്ലാതെ സാധാരണ നിലയിൽ അനുവദനീയമല്ല. ഫെമ/ആർബിഐ/ജിഒഐ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ട ചുമതല കാർഡ് ഉടമയിൽ മാത്രം നിക്ഷിപ്തമാണ്. ഈ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ഉപഭോക്താവ് അത് തെറ്റായി ഉപയോഗിക്കുകയാണെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഉപഭോക്താവ് ഏറ്റെടുക്കുകയും ബാങ്കിന് ഉണ്ടായേക്കാവുന്ന നഷ്ടം, നാശനഷ്ടം, പലിശ, പരിവർത്തനം, അത്തരം തെറ്റായ ഉപയോഗത്തിൽ നിന്നുണ്ടാകുന്ന മറ്റ് ഏതെങ്കിലും സാമ്പത്തിക നിരക്കുകൾ എന്നിവയ്ക്ക് ഉപഭോക്താവ് നഷ്ടപരിഹാരം നൽകുകയും ചെയ്യേണ്ടതാണ്.

വ്യാപാരി ലൊക്കേഷൻ ഉപയോഗം

- വിസ മാർക്കുകൾ പ്രദർശിപ്പിക്കുന്ന പിഒഎസ് ടെർമിനലുകളുള്ള ഇന്ത്യയിലും വിദേശത്തുമുള്ള എല്ലാ വ്യാപാര സ്ഥാപങ്ങളിലും കാർഡ് സാധാരണയായി സ്വീകരിക്കപ്പെടും. ഇലക്ട്രോണിക് ഉപയോഗം ഒഴികെയുള്ള കാർഡിന്റെ ഏതൊരു ഉപയോഗവും അനധികൃതമായി കണക്കാക്കുകയും അത്തരം ഇടപാടുകളുടെ പൂർണ ഉത്തരവാദിത്തം കാർഡ് ഉടമയ്ക്ക് മാത്രമായിരിക്കും. പിഓഎസ് ടെർമിനലിൽ നിന്ന് ഇലക്ട്രോണിക് രീതിയിൽ പ്രിന്റ്ചെയ്ത ചാർജ് സ്ലിപ്പ്/ഇടപാട് സ്ലിപ്പ് എന്ന നിലയിലാണ് ഇലക്ട്രോണിക് ഉപയോഗം കണക്കാക്കുന്നത്. കാർഡ് ഉടമയുടെ ഒപ്പ് ഉണ്ടെങ്കിൽ മാത്രമേ കാർഡ് സ്വീകരിക്കപ്പെടുകയുള്ളൂ. പിഒഎസ് ടെർമിനൽ ഒരു സെയിൽസ് സ്ലിപ്പ് സൃഷ്ടിക്കുകയും സെയിൽസ് സ്ലിപ്പിൽ കാർഡ് ഉടമ ഒപ്പിടുകയും ചെയ്തുകഴിഞ്ഞാൽ മാത്രമേ ഇടപാടുകൾ പൂർത്തിയായതായി കണക്കാക്കുകയുള്ളൂ. കാർഡുമായി ലിങ്ക് ചെയ്തിരിക്കുന്ന പ്രാഥമിക അക്കൗണ്ടിൽ നിന്ന് ഇടപാടിന്റെ തുക ഉടനടി ഡെബിറ്റ് ചെയ്യപ്പെടും. ഒരു പ്രത്യേക വാങ്ങലിനുള്ള പേയ്മെൻറിനായി മർച്ചൻറ് എസ്റ്റാബ്ലിഷ്മെൻറിൽ കാർഡ് ശരിയായി ഉപയോഗിക്കുന്നുണ്ടെന്ന് കാർഡ് ഉടമ ഉറപ്പാക്കണം. ഓരോ തവണ കാർഡ് ഉപയോഗിച്ചതിനു ശേഷവും സെയിൽസ് സ്ലിപ്പ് ഉപഭോക്താവ് കൈയിൽ സൂക്ഷിക്കണം, കൂടാതെ മർച്ചൻറ് എസ്റ്റാബ്ലിഷ്മെൻറിൽ കാർഡിന്റെ ഒന്നിലധികം ഉപയോഗം ഉണ്ടാകുന്നില്ലെന്ന് കാർഡ് ഉടമ ഉറപ്പുവരുത്തണം.

- ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണം ഉൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടുത്താതെ കാർഡ് ഉടമയ്ക്ക് വ്യാപാരിയുമായി ഉണ്ടായേക്കാവുന്ന ഏതെങ്കിലും ഇടപാടുകളുടെ ഒരു ഉത്തരവാദിത്തവും ബാങ്ക് സ്വീകരിക്കുന്നതല്ല. ഏതെങ്കിലും വ്യാപാരി സ്ഥാപനത്തെക്കുറിച്ചോ അല്ലെങ്കിൽ ഏതെങ്കിലും വ്യാപാരിയിൽ നിന്ന് വാങ്ങിയ സാധനങ്ങളെക്കുറിച്ചോ സേവനത്തെക്കുറിച്ചോ കാർഡ് ഉടമയ്ക്ക് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ, അത് കാർഡ് ഉടമ വ്യാപാരസ്ഥാപനവുമായി ചർച്ച ചെയ്ത്  പരിഹരിക്കണം, അങ്ങനെ

This is a Confidential document.

ചെയ്യുന്നതിൽ പരാജയപ്പെടുന്നത് ബാങ്കിനോടുള്ള ബാധ്യതകളിൽ നിന്ന് അയാളെ ഒഴിവാക്കില്ല. എന്നിരുന്നാലും, കാർഡ് ഉടമ ഉടൻ തന്നെ ബാങ്കിനെ ഇക്കാര്യം അറിയിക്കണം.

- ഏതെങ്കിലും വ്യാപാര സ്ഥാപനം ഇടപാട് തുകയോടൊപ്പം ഈടാക്കുകയും കാർഡ് ഉടമയുടെ അക്കൗണ്ടില നിന്ന് ഡെബിറ്റ് ചെയ്യുകയും ചെയ്യുന്ന സർചാർജിന്റെ ഉത്തരവാദിത്തം ബാങ്ക് സ്വീകരിക്കുന്നതല്ല. ബാങ്ക് അധിക ചാർജ് ഈടാക്കി സെയില് സ്ലിപ്പിന്റെ പകർപ്പുകൾ നൽകാം. പേയ്മെന്റിനായി ബാങ്ക് ഒരു വ്യാപാര സ്ഥാപനത്തില് നിന്ന് സ്വീകരിക്കുന്ന മറ്റേതെങ്കിലും ചാർജ് അല്ലെങ്കിൽ മറ്റേതെങ്കിലും പേയ്മെന്റ് അഭ്യർത്ഥന, അത്തരം അഭ്യർത്ഥനയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചാർജ്, ആ ചാർജിൽ അല്ലെങ്കിൽ മറ്റ് അഭ്യർത്ഥനയിൽ പരാമർശിച്ചിരിക്കുന്ന വ്യാപാര സ്ഥാപനം ചുമത്തിയതിന്റെ നിർണായക തെളിവായിരിക്കും. കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ വഞ്ചനാപരമായ രീതിയിൽ ദുരുപയോഗം ചെയ്യുകയോ ചെയ്യപ്പെടുന്ന സാഹചര്യത്തില് ഒഴികെ കാർഡ് ഉപയോഗിച്ചതിന്റെ തെളിവ് നൽകാനുള്ള ബാധ്യത കാർഡ് ഉടമയ്ക്കായിരിക്കും. ഒരു വ്യാപാരി ഒരു പിശക് മൂലമോ സാധനങ്ങള് മടക്കി നല്കിയ കാരണത്താലോ നേരത്തെ നടത്തിയ ഇടപാട് റദ്ദാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മുമ്പത്തെ വിൽപ്പന രസീത് വ്യാപാരി റദ്ദാക്കുകയും റദ്ദാക്കിയ രസീതിന്റെ പകർപ്പ് തന്റെ കൈവശം സൂക്ഷിക്കുകയും വേണം.
- വ്യാപാരിയുടെ/ഉപകരണത്തിന്റെ , അല്ലെങ്കിൽ ആശയവിനിമയ ലിങ്കിലെ ഏതെങ്കിലും പിശക് മൂലമുള്ള എല്ലാ റീഫണ്ടുകളും ക്രമീകരണങ്ങളും സ്വമേധയാ പ്രോസസ്സ് ചെയ്യണം, കൂടാതെ കൃത്യമായ പരിശോധനയ്ക്ക് ശേഷം, ബാധകമായ വിസ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി അക്കൗണ്ട് ക്രെഡിറ്റ് ചെയ്യപ്പെടും. ഈ സമയത്ത് ലഭിക്കുന്ന ഏതെങ്കിലും ഡെബിറ്റുകൾ ഈ റീഫണ്ട് പരിഗണിക്കാതെ അക്കൗണ്ടിൽ(കളിൽ) ലഭ്യമായ ബാലൻസ് മാത്രം അടിസ്ഥാനമാക്കിയായിരിക്കും മാനിക്കപ്പെടക എന്നു ഉപഭോക്താവ് സമ്മതിക്കുന്നു. ഏതെങ്കിലും പേയ്മെന്റ് നിർദ്ദേശങ്ങള് പണം ഇല്ലാതെ മടങ്ങുകയാണെങ്കില് ഉപഭോക്താവ് ബാങ്കിന് നഷ്ടപരിഹാരം നൽകേണ്ടി വരും.
- കാർഡ് ഉടമയുടെ വിവരങ്ങൾ: ഏതെങ്കിലും എടിഎമ്മിലോ ഇലക്ട്രോണിക്സ് ഫണ്ട് ട്രാൻസ്ഫർ നെറ്റ്വർക്കിലോ ഉള്ള അതിന്റെ പങ്കാളിത്തവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്നതോ അല്ലെങ്കിൽ ബാങ്കിന്റെ നിയമപരമായ ബാധ്യതകൾ കാരണം ഉചിതമായതോ ആയ, കാർഡ് ഉടമയുടെ ബാങ്ക് അക്കൗണ്ടിനെ സംബന്ധിച്ച വിവരങ്ങൾ മറ്റ് സ്ഥാപനങ്ങൾ/ ഏജൻസികൾ/പ്രാദേശിക അധികാരികൾ എന്നിവരോട് കർശനമായ വിശ്വാസത്തോടെ വെളിപ്പെടുത്താനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്.

എടിഎം വഴിയുള്ള നിക്ഷേപങ്ങൾ

- പണത്തിന്റെയോ ചെക്കിന്റെയോ നിക്ഷേപത്തിന്റെ തുക ബാങ്കിന്റെ സ്ഥിരീകരണത്തിന് വിധേയമായിരിക്കും, ഈ പരിശോധിച്ച തുക അന്തിമവും ഉപഭോക്താവ് അംഗീകരിക്കാന് ബാധ്യതയുമുള്ളതായിരിക്കും. (i)

This is a Confidential document.

എടിഎമ്മുകളിൽ പണം നിക്ഷേപിച്ചതിന്റെ ക്രെഡിറ്റ് അടുത്ത പ്രവൃത്തി ദിനത്തിൽ ഉപഭോക്താവിന് ലഭ്യമാകും, കൂടാതെ (ii) പേയീ ബാങ്കിൽ നിന്ന് ചെക്കില് പണം ലഭിച്ച ശേഷം ചെക്കിലെ പണം ഉപഭോക്താവിന് ലഭ്യമാകും. ഡെപ്പോസിറ്റ് സമയത്ത് എടിഎം നൽകുന്ന പ്രസ്താവന, കാർഡ് ഉടമ നിക്ഷേപിച്ചതായി കരുതുന്ന കാര്യങ്ങളെ പ്രതിനിധീക മാത്രമാണ് ചെയ്യുന്നത്, അത് ബാങ്കിന്റെ ബാധ്യതയായിരിക്കില്ല. കറൻസി നോട്ട് റീഫണ്ട് റൂൾസ് അനുസരിച്ച് അത്തരം നിക്ഷേപങ്ങളിൽ മലിനമായതും വികൃതവുമായ നോട്ടുകൾ ഉണ്ടെങ്കിൽ, അത്തരം നിക്ഷേപങ്ങളുടെ സ്വീകാര്യത ആർബിഐയുടെ അന്തിമ സ്വീകാര്യതയ്ക്കും റീഇംബേഴ്സ്മെന്റിനും വിധേയമായിരിക്കും. വിദേശ കറൻസി പണം/ ചെക്കുകൾ അല്ലെങ്കിൽ അസ്വീകാര്യമായ മറ്റേതെങ്കിലും നിക്ഷേപങ്ങൾ, ഉപഭോക്താവിന്റെ ചെലവിലും റിസ്കിലും ഉത്തരവാദിത്തത്തിലും തിരികെ നൽകും.

ഗ്ലോബൽ കാർഡ് ഹോൾഡർ അസിസ്റ്റൻസ് സർവീസസ് (വിസ ഗ്ലോബൽ എമർജൻസി അസിസ്റ്റൻസ് ഹെൽപ്പ് ലൈനുകൾ)

- ബഹുഭാഷാ വിസ എമർജൻസി അസിസ്റ്റൻസ് സർവീസസ് പ്രോഗ്രാം വിദേശത്തേക്ക് യാത്ര ചെയ്യുമ്പോൾ വിസ കാർഡ് ഉടമകൾക്ക് ലോകമെമ്പാടുമുള്ള എമര്ജന്സി റഫറൽ സഹായം വാഗ്ദാനം ചെയ്യുന്നുവെന്ന് ഉപഭോക്താവ് മനസ്സിലാക്കുന്നു. നിയമപരവും വൈദ്യപരവും ഒപ്പം മറ്റ് സേവനങ്ങളും ഇതിൽ ഉൾപ്പെടുന്നു. എമർജൻസി കാർഡ് റീപ്ലേസ്മെൻറ്, അസിസ്റ്റൻസ് പ്രോഗ്രാം എന്നീ സേവനങ്ങളുടെ ആശയവിനിമയങ്ങളും ക്രമീകരണങ്ങളും ഒരു മൂന്നാം കക്ഷി സേവന ദാതാക്കള് നല്കുന്നതും വിസ ഇന്റർനാഷണല് പണം നൽകുന്നതുമാണ്, കൂടാതെ അയാൾ ലഭ്യമാക്കുന്ന എല്ലാ മെഡിക്കൽ, നിയമപരം അല്ലെങ്കിൽ മറ്റ് സേവനങ്ങളുടെ ചിലവിന് കാർഡ് ഉടമ ഉത്തരവാദിയായിരിക്കും . കാർഡ് ഉടമയുടെ ഐഡന്റിഫിക്കേഷനെ വിസയ്ക്ക് തൃപ്തിപ്പെടുത്തിക്കൊണ്ട് ഈ പ്രക്രിയയിലൂടെ കാർഡ് ഉടമയ്ക്ക് എമർജൻസി കാർഡ് മാറ്റിസ്ഥാപിക്കുന്നതിനും കഴിയും.
- കാർഡ് ഉടമയ്ക്ക് വിദേശത്ത് വച്ച് കാർഡ് നഷ്ടപ്പെടുകയാണെങ്കില് വിസ മുഖേന എമർജൻസി കാർഡ് മാറ്റി വാങ്ങാവുന്നതാണ്. പോയിന്റ്ഓഫ് സെയിൽസിൽ (പിഒഎസ്) മാത്രമേ എമർജൻസി കാർഡ് പ്രവർത്തിക്കൂ, എടിഎമ്മുകളിൽ നടക്കില്ല. കാർഡ് ഉടമ, ഇന്ത്യയിലേക്ക് മടങ്ങിയ ശേഷം, നൽകിയ എമർജൻസി കാർഡ് വ്യക്തിപരമായി ബാങ്കിന് സറണ്ടർ ചെയ്യണം. ഇവിടെ സൂചിപ്പിച്ചത് ഒഴികെ, കാർഡിന്റെ ഉപയോഗം സംബന്ധിച്ച എല്ലാ നിബന്ധനകളും വ്യവസ്ഥകളും അത്തരം എമർജൻസി കാർഡിനും ബാധകമായിരിക്കും.
- നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട കാർഡ് പിന്നീട് കണ്ടെത്തിയാലും, കാർഡിന്റെ ഹോട്ട് ലിസ്റ്റിംഗിനായി ബാങ്കിന് ലഭിച്ച ഒരു നിർദ്ദേശവും അസാധുവാക്കാൻ കഴിയില്ല. അത്തരമൊരു സാഹചര്യത്തിൽ, കാർഡ് ഉടമ കാർഡ് നശിപ്പിക്കണം. അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെട്ടതുമൂലം ഉണ്ടാകുന്ന നശ്ടത്തിന് ബാങ്കിന് നഷ്ടപരിഹാരം നൽകുകയും വേണം.

This is a Confidential document.

വിസ കൺസിയർജ് സേവനങ്ങൾ - സിഗ്നേച്ചര്, ഇന്ഫിനിയറ്റ് ഡെബിറ്റ് കാർഡ് ഉടമകൾക്ക് ബാധകം.

- പാരീസിലേക്ക് ഒരു ഫ്ലൈറ്റ് സംഘടിപ്പിക്കുക, ഹോങ്കോങ്ങിൽ ഒരു റെസ്റ്റോറന്റ് ശുപാർശ ചെയ്യുക, മിലാനിൽ ഓപ്പറ ടിക്കറ്റുകൾ അറേഞ്ച് ചെയ്യുക അല്ലെങ്കിൽ വീട്ടിൽ നിന്ന് അകലെ വിശ്വസനീയമായ ഡ്രൈ ക്ലീനർ നിർദ്ദേശിക്കുക തുടങ്ങിയവ ലഭ്യമായ ചില സേവനങ്ങൾ മാത്രമാണ്. ലോകത്തെവിടെയും എപ്പോൾ വേണമെങ്കിലും ഒരു ഫോൺ കോൾ മതി. വിസ പ്ലാറ്റിനം കസ്റ്റമർ സെന്റർ (VPCC) പ്രൊഫഷണലുകൾ 24 മണിക്കൂറും ആഴ്ചയിൽ 7 ദിവസവും സേവനം നല്കുന്നു.
- കൺസിയർജ് സേവന ദാതാവിൽ നിന്ന് ലഭ്യമാക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ഗുണനിലവാരത്തിന് കൊട്ടക് ബാങ്കും വിസയും ഉത്തരവാദികളായിരിക്കില്ല, അല്ലെങ്കിൽ ഉറപ്പുനൽകുന്നില്ല, കൂടാതെ കാർഡ് ഉടമയ്ക്ക് ലഭിച്ചതോ പ്രയോജനപ്പെടുത്തിയതോ ആയ ഉൽപ്പന്നങ്ങളിലെ എന്തെങ്കിലും കുറവുകൾക്കോ സേവനങ്ങളുടെ അപര്യാപ്തതകൾക്കോ കൊട്ടക് ബാങ്കും വിസയും ബാധ്യസ്ഥരല്ല.
- ഈ ഓഫറിൽ നിന്നോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ടോ ഉണ്ടാകുന്ന ഏതെങ്കിലും തർക്കം, മറ്റ് പ്രദേശങ്ങളിലെ കോടതികൾ / ട്രിബ്യൂണലുകളുടെ പരിധി പരിഗണിക്കാതെ തന്നെ മുംബൈയിലെ കോടതികളുടെ പ്രത്യേക അധികാരപരിധിക്ക് വിധേയമാകുമെന്ന് കാർഡ് ഉടമകൾ അവിതര്ക്കിതമായി സമ്മതിക്കുന്നു. സമാനമായ അധികാരപരിധിയും അത്തരം തർക്കങ്ങളും 1996-ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ട് (ഇതുവരെ ഭേദഗതി ചെയ്തത്) പ്രകാരം നിയന്ത്രിക്കപ്പെടുന്നതായിരിക്കും

ഇന്ധന സർചാർജ്

- ഗോൾഡ്, പ്ലാറ്റിനം, പ്രിവി പ്ലാറ്റിനം, ബിസിനസ് ഗോൾഡ്, ബിസിനസ്സ് പ്ലാറ്റിനം, സിഗ്നേച്ചർ, പ്ലാറ്റിനം ഡെബിറ്റ് കാർഡുകൾക്ക്, നിലവിൽ, ഇന്ധന സർചാർജ് (നിലവിൽ അത് 2.5% ആണ്) ഒഴിവാക്കാൻ ബാങ്ക് തീരുമാനിച്ചു. ഭാവിയിൽ ഉപഭോക്താവിന് മുൻകൂർ അറിയിപ്പ് നൽകിക്കൊണ്ട് ഇന്ധന സർചാർജ് ഒഴിവാക്കൽ പിൻവലിക്കാനുള്ള അവകാശം ബാങ്കിൽ നിക്ഷിപ്തമാണ്

വിസ കാർഡ് ഓഫറുകൾ

- ഡെബിറ്റ് കാർഡ് ഉപയോക്താക്കൾക്ക് വിസ ഡെബിറ്റ് കാർഡ് മുഖേന വാങ്ങുന്നതോ ലഭ്യമാക്കുന്നതോ ആയ സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും കിഴിവുകൾ ലഭിക്കുന്നതിന് ഡെബിറ്റ് കാർഡിന്റെ ഉപയോക്താക്കൾക്ക് ടൈ-അപ്പുകൾ വഴി വിസ പിന്തുണയ്ക്കുന്ന പ്രീമിയം ഓഫര് ഉണ്ട്. ലൈഫ് സ്റ്റൈല്, ഫൈൻ ഡൈനിംഗ്, യാത്ര, ആരോഗ്യ സംരക്ഷണം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഓഫറുകള് ലഭിക്കും . ഈ ഓഫറുകൾ ഡെബിറ്റ് കാർഡിന്റെ ഉപയോഗത്തിന് മാത്രമേ ബാധകമാകൂവെന്നും ബാങ്ക് നൽകുന്ന മറ്റേതെങ്കിലും കാർഡിന്റെ ഉപയോഗത്തിന് ബാധകമല്ലെന്നും കാർഡ് ഉടമ മനസ്സിലാക്കണം.

This is a Confidential document.

**ഇൻഷുറൻസ്**

- **കൊട്ടക് ഡെബിറ്റ് കാർഡ് കൈവശമുള്ള ഉപഭോക്താക്കൾക്ക് ബാങ്ക് ഇൻഷുറൻസ് വാഗ്ദാനം ചെയ്യുന്നു. നൽകിയിരിക്കുന്ന ഇൻഷുറൻസിന്റെ വിശദാംശങ്ങൾ https://www.kotak.com/en/personal-banking/cards/debit-cards/debit-card-services/insurnace-on-debit-card.html ൽ ലഭിക്കും.**

This is a Confidential document.